**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 804** **06-12-2022 - ൽ മറുപടിയ്ക്ക്**

**പുന്നപ്ര സാഗര സഹകരണ ആശുപത്രി വികസനത്തിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | കേപ്പിന് കീഴിലുള്ള ആലപ്പുഴ ജില്ലയിലെ പുന്നപ്ര സാഗര സഹകരണ ആശുപത്രിയിൽ നിലവിൽ എന്തൊക്കെ സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കുമോ ; | (എ) | 1. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി വിഭാഗം<br>2. സ്പെഷ്യാലിറ്റി - സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലായി 35-ലധികം ഡോക്ടർമാരുടെ സേവനം<br>3. ജനറൽ, അസ്ഥിരോഗ, ഓങ്കോളജി സർജറികൾ, ലാപ്രോസ്കോപ്പിക് സർജറികൾ, കാർഡിയോ തൊറാസിക് & വാസ്കുലാർ സർജറികൾ, ഗൈനക്കോളജി, യൂറോളജി സർജറികൾ എന്നിവക്കുള്ള സൗകര്യങ്ങൾ<br>4. സി.റ്റി. സ്കാൻ, അൾട്രാസൗണ്ട് സ്കാൻ, എക്കോ സ്കാൻ, എക്സ്റേ<br>5. ഇ.സി.ജി, റ്റി.എം.റ്റി<br>6. ലാബ്, ഫാർമസി<br>7. ഡന്റൽ ക്ലിനിക്<br>8. ഐ.സി.യു, സി.സി.യു<br>9. നെഫ്രോളജി - ഡയാലിസിസ് യൂണിറ്റ് |
| (ബി) | ഇതിന്റെ അടുത്ത ഘട്ട വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇവിടെ സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. പഴയ മെഡിക്കൽ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനും കൂടുതലായി പുതിയവ സ്ഥാപിക്കുന്നതിനും ഒരു MRI ബ്ലോക്ക് പണിയുന്നതിനുമായിട്ടുള്ള നിർദ്ദേശങ്ങൾ പ്ലാനിംഗ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.<br><br>ആശുപത്രിയിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ പരിമിതമായ സൗകര്യങ്ങളോടെ ഇപ്പോൾ നിലവിലുണ്ട്. |
| (സി) | ഇവിടെ നേഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഡയാലിസിസ് ടെക്നീഷ്യൻ കോഴ്സ് ആരംഭിക്കുന്നതിനുള്ള അപേക്ഷ ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ